പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 433 — 04.06.2018 -ൽ മറുപടിക്ക്.

**കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം**

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം വെട്ടിക്കുറച്ച കേന്ദ്ര നടപടി പുന:പരിശോധിപ്പിക്കുന്നതിനും അർഹതപ്പെട്ട റേഷൻവിഹിതം ലഭ്യമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് എം.പി.മാർ മുഖേനയും സർക്കാർ തലത്തിലും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്. കേന്ദ്ര ഭക്ഷ്യ വകുപ്പ് സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും ഗവർണ്ണർമാരുടെ സമ്മേളനത്തിലും സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . |
| (ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട റേഷൻ വിഹിതത്തിന്റെ കണക്ക് ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തു ഒരു പൗരന് കുറഞ്ഞത് പ്രതിമാസം 5 കിലോഗ്രാം ധാന്യം നൽകുന്നതിന് പ്രതിവർഷം ഏകദേശം 22 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമാണ്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഈ നിയമം നടപ്പാക്കുന്നതിന് തൊട്ടു മുൻപ് 16 ലക്ഷം മെട്രിക് ടൺ ധാന്യം ലഭിച്ചിരുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) ഭക്ഷ്യ ഭദ്രത നിയമം 2013 എല്ലാ അർത്ഥത്തിലും പൂർണ്ണമായ തോതിൽ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി മുഖാന്തിരം തയ്യാറാക്കി വരുന്നു. ആയതുവഴി പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ